**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത അതിതീവ്ര മഴയിൽ ഉണ്ടായ കൃഷിനാശം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | ഓഗസ്റ്റ് മാസം പെയ്ത മഴയിൽ സംഭവിച്ച കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 01/08/2022 മുതൽ 23/08/2022 വരെയുള്ള പ്രാഥമിക വിവര കണക്ക് പ്രകാരം 43280 കർഷകരുടെ 4901.8 ഹെക്ടർ സ്ഥലത്ത് 12987.82 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തിര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## Crop Loss-FIR Summary Report

**(01/08/2022 to 23/08/2022)**

| District | Crop Area (in Ha) | Farmers Affected (in Numbers) | Estimated Loss (Amount in Lakhs) |
|---|---|---|---|
| ALAPPUZHA | 763.80 | 7,474 | 1,468.99 |
| ERNAKULAM | 1,129.42 | 5,820 | 2,222.16 |
| IDUKKI | 181.28 | 1,971 | 756.92 |
| KANNUR | 137.21 | 3,959 | 945.27 |
| KASARAGOD | 101.40 | 1,469 | 202.95 |
| KOLLAM | 48.59 | 1,277 | 429.28 |
| KOTTAYAM | 62.35 | 3,010 | 315.55 |
| KOZHIKODE | 66.45 | 3,155 | 482.84 |
| MALAPPURAM | 639.09 | 2,076 | 573.61 |
| PALAKKAD | 679.72 | 2,002 | 1,258.29 |
| PATHANAMTHITTA | 164.04 | 2,405 | 524.95 |
| THIRUVANANTHAPURAM | 183.85 | 2,246 | 590.18 |
| THRISSUR | 377.09 | 5,376 | 2,450.93 |
| WAYANAD | 367.51 | 1,040 | 765.90 |
| **Total** | **4,901.8** | **43,280** | **12,987.82** |